## കേരള സർക്കാർ
## സംഗ്രഹം

പൊതുവിദ്യാഭ്യാസവകുപ്പ് - 1975 ൽ പി.എസ്.സി നടത്തിയ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന അപ്രന്റീസ് പി.ഡി ടീച്ചറായി നിയമിതരായ അധ്യാപകരുടെ അപ്രന്റീസ് പിരീഡ് പെൻഷന് യോഗ്യമായ സർവ്വീസായി പരിഗണിക്കുന്നതിന് കെ.എസ്.ആർ. ഭാഗം III, ചട്ടം 15 ൽ ഇളവു വരുത്തി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ(ജെ)വകുപ്പ്

സ.ഉ(പി)നം.73/2015/പൊവിവ  തീയതി, തിരുവനന്തപുരം, 21.3.2015

---

പരാമർശം: 1. നിയമസഭയുടെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി മുമ്പാകെ ശ്രീ.കെ.കൃഷ്ണൻകുട്ടി, സെക്രട്ടറി, പ്രോഗ്രസീവ് സോഷ്യൽ സ്റ്റഡി സെന്റർ കോഴിക്കോട് സമർപ്പിച്ച 3.1.2005 ലെ ഹർജി.
2. പട്ടികജാതി പട്ടികവർഗ്ഗക്ഷേമസമിതി (2009-11) യുടെ 5-ാം റിപ്പോർട്ട്.
3. ധനകാര്യ(എഡ്യൂക്കേഷൻ എ) വകുപ്പിന്റെ 7.9.2012 ലെ 54264/എഡ്യൂ എ 3/12/ധന നമ്പർ കുറിപ്പ്.
4. ധനകാര്യ(എഡ്യൂക്കേഷൻ സി) വകുപ്പിന്റെ 10.2.2015 ലെ 5978/എഡ്യൂ സി2/15/ധന നമ്പർ അനൗദ്യോഗിക കുറിപ്പ്.

## ഉത്തരവ്

1975 ൽ പി.എസ്.സി നടത്തിയ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന പി.ഡി ടീച്ചറായി നിയമിതരായ അധ്യാപകരുടെ അപ്രന്റീസ് കാലം പെൻഷനു പരിഗണിക്കണമെന്നാവശ്യപ്പെട്ട് ശ്രീ.കെ.കൃഷ്ണൻകുട്ടി, സെക്രട്ടറി, പ്രോഗ്രസീവ് സോഷ്യൽ സ്റ്റഡി സെന്റർ, കോഴിക്കോട് ബഹു.കേരളനിയമസഭയുടെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി മുമ്പാകെ സൂചന(1) പ്രകാരം ഹർജി സമർപ്പിച്ചു. ഹർജി പരിഗണിച്ച നിയമസഭാസമിതി പി.എസ്.സി നിയമനമാകയാൽ കെ.എസ്.ആർ ഭാഗം III, ചട്ടം 15 ൽ ആവശ്യമായ ഭേദഗതി വരുത്തി പ്രസ്തുത പരാതി പരിഗണിക്കണമെന്ന് ശുപാർശ ചെയ്തു.

ഇൻക്രിമെന്റിനോ ഗ്രേഡിനോ പരിഗണിച്ചിട്ടില്ലാത്ത പി.ഡി ടീച്ചർമാരുടെ അപ്രന്റീസ് കാലയളവ് മറ്റ് സർവ്വീസ് ആനുകൂല്യങ്ങൾക്കും പരിഗണിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ കെ.എസ്.ആർ ഭാഗം III, ചട്ടം 15 ൽ ഭേദഗതി വരുത്തുവാനുള്ള ശുപാർശ പരിഗണനാർഹമല്ല എന്നും എന്നാൽ പ്രസ്തുത ചട്ടങ്ങളിൽ ആവശ്യമായ ഇളവു വരുത്തി ഹർജിക്കാർക്ക് പെൻഷനാനുകൂല്യങ്ങൾ അനുവദിക്കാവുന്നതാണെന്നും സർക്കാർ മനസ്സിലാക്കുന്നു.

മേൽ സാഹചര്യത്തിൽ 1975 ൽ നടത്തിയ പി.എസ്.സി യുടെ എസ്.സി/250/73/സ്പെഷ്യൽ നമ്പർ പ്രകാരമുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന അപ്രന്റീസ് പി.ഡി.ടീച്ചറായി നിയമിതരായ അധ്യാപകരുടെ 10 മാസത്തെ അപ്രന്റീസ് പിരീഡ് പെൻഷന്

യോഗ്യമായ സർവ്വീസായി പരിഗണിക്കുന്നതിനായി കെ.എസ്.ആർ ഭാഗം III, ചട്ടം 15 ൽ ഇളവ്വ വരുത്തിക്കൊണ്ട് ഹർജിയിൽ ആവശ്യപ്പെട്ട പ്രകാരം പെൻഷനാനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് അനുമതി നൽകി ഉത്തരവ്വ പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.ഷൈലശ്രീ**

ജോയിന്റ്സെക്രട്ടറി

പൊതുവിദ്യാഭ്യാസഡയറക്ടർ, തിരുവനന്തപുരം.

എല്ലാവിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ജില്ലാവിദ്യാഭ്യാസഓഫീസർമാർക്കും

ഉപജില്ലാവിദ്യാഭ്യാസഓഫീസർമാർക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (10.2.2014 ലെ 5978/എഡ്യൂ സി2/15/ധന നമ്പർ കുറിപ്പ് പ്രകാരം)

ഉദ്യോഗസ്ഥഭരണപരിഷ്കാരവകുപ്പ്

ഡയറക്ടർ, വിവരപൊതുജനസമ്പർക്കവകുപ്പ് (വ്യാപക പ്രചാരണത്തിന്)

ഡയറക്ടർ, ഐടി @ സ്കൂൾ,തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന് വേണ്ടി)

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

**സെക്ഷൻഓഫീസർ**